**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3017** **13-07-2022 - ൽ മറുപടിയ്ക്ക്**

**പന്ന്യന്നൂർ ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ പി.ഡബ്ല്യൂഡി. മുഖാന്തരം നടപ്പിലാക്കുന്ന പന്ന്യന്നൂർ ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പി.ഡബ്ല്യൂഡി. തയ്യാറാക്കിയ ഡിസൈനിന് അംഗീകാരമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പന്ന്യന്നൂർ ഐ.ടി.ഐ യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ച ശേഷം സ്ഥലം സന്ദർശിച്ച് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാൻ ഐ.ടി.ഐ വകുപ്പിന്റെ അംഗീകാരത്തോടെ ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയായതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ